# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3810

11-11-2019 ൽ മറുപടിയ്ക്ക്

### ഫയർമാൻ തസ്തിക

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.ആൻസലൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്ത് ഫയർഫോഴ്സ് വിഭാഗത്തിലെ ഫയർമാൻ തസ്തികയിൽ നിലവിൽ റാങ്ക്പട്ടിക പി.എസ്.സി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എത്ര പേരുടെ റാങ്ക് പട്ടികയാണ് തയ്യാറാക്കിയതെന്ന് വിശദമാക്കാമോ; ഓരോ ജില്ലയിലും എത്ര ഫയർമാൻമാരുടെ ഒഴിവാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | എ) ഫയർ & റെസ്ക്യൂ സർവ്വീസസിൽ ഫയർമാൻ തസ്തികയുടെ റാങ്ക് പട്ടിക 17-12-2018ൽ നിലവിൽ വന്നിട്ടുണ്ട്. 898 പേരുടെ റാങ്ക് പട്ടികയാണ് നിലവിലുള്ളത്. നിലവിലുള്ള ഒഴിവ് ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. |

| | | |
| --- | --- | --- |
| തിരുവനന്തപുരം | - | 5 |
| കൊല്ലം | - | 3 |
| പത്തനംതിട്ട | - | 3 |
| ആലപ്പുഴ | - | 2 |
| കോട്ടയം | - | 3 |
| എറണാകുളം | - | 41 |
| ഇടുക്കി | - | 23 |
| പാലക്കാട് | - | 4 |
| തൃശ്ശൂർ | - | 20 |
| മലപ്പുറം | - | 16 |
| കോഴിക്കോട് | - | 14 |
| വയനാട് | - | 12 |
| കണ്ണൂർ | - | 19 |
| കാസർഗോഡ് | - | ഇല്ല |
| **ആകെ** | - | **165** |

| ചോദ്യം | മറുപടി |
| --- | --- |
| ബി) ഫയർമാൻ തസ്തികയിലേയ്ക്ക് പി.എസ്.സി പുതിയതായി അപേക്ഷ സ്വീകരിച്ചിട്ടുണ്ടോ; ഒരു റാങ്ക് പട്ടിക നിലനിൽക്കുമ്പോൾ പുതുതായി പി.എസ്.സി ടെസ്റ്റ് നടത്തി റാങ്ക് പട്ടിക തയ്യാറാക്കുന്ന രീതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | ബി) പ്രസ്തുത തസ്തികയ്ക്ക് 15-10-2019 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം പുതിയ തെരെഞ്ഞെടുപ്പ് വിജ്ഞാപനമായിട്ടുണ്ട്. തസ്തികയുടെ കാലാവധി 1 വർഷമാകയാൽ റാങ്ക് പട്ടിക നിലനിൽക്കുമ്പോൾ തന്നെ അടുത്ത് തെരഞ്ഞെടുപ്പിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ